9-12-2005 വരെ തുടരാൻ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ 9-6-2005-ലെ സർക്കാർ ഉത്തരവ് (പി) നം. 3/2005/പി.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

5 [1994] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സി.റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിയുന്നത്ര എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി എത്തിച്ചു കൊടുക്കുവാൻ സർക്കാർ തീരുമാനിക്കുമ്പോഴും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ സംസ്ഥാനത്ത് ധാരാളമായിട്ടുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലുമൊരു വ്യക്തിയോ വീട്ടുകാരോ സമ്മതം നൽകാത്തതിന്റെ പേരിൽ വൈദ്യുതി കണക്ഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻവേണ്ടി വൈദ്യുതി കണക്ഷൻ നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം സന്ദർഭങ്ങളിൽ നിലവിലുള്ള നിയമപ്രകാരം ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ അധികാരമുള്ള ജില്ലാ കളക്ടറുടെ തീർപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ

6 [1995] ശ്രീ. ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെല്ലാം സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അപേക്ഷകളിൻമേൽ ഇനി എത്ര കാലംകൊണ്ട് തീർപ്പ് കൽപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡ് വരുന്നതും, പോസ്റ്റ് വേണ്ടാത്തതുമായ വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly